"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി.അനുറേ മാത്യു -ന് **31/07/2023** മുതൽ **03/05/2024** വരെ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.**701/2024/AGRI** തീയതി,തിരുവനന്തപുരം, **29-07-2024**

---

പരാമർശം:- **1.** സ.ഉ.(പി) നം 39/1991/ഉ.ഭ.പ.വ തീയതി 07/12/1991

**2.** കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി.അനുറേ മാത്യു, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച **31/07/2023** ലെ നിവേദനം.

**3.** കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി.അനുറേ മാത്യു, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച **03/05/2024** ലെ നിവേദനം.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ, കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ ആയ ശ്രീമതി.അനുറേ മാത്യു **31.07.2023** മുതൽ **31.07.2024** വരെ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിക്കുന്നതിന് പരാമർശം **(2)** പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ ശ്രീമതി.അനുറേ മാത്യു തന്റെ താത്കാലികമായി പ്രൊമോഷൻ പരിത്യജിച്ച നടപടിയിൽ നിന്നും പിൻവാങ്ങുവാൻ ആഗ്രഹിക്കുന്നതായും ടിയാളെ **2024** ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി ടി തസ്തികയിൽ പ്രൊമോഷൻ നൽകണമെന്നും **03/05/2024** ൽ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.അനുറേ മാത്യൂ സർക്കാരിൽ സമർപ്പിച്ച പരാമർശം **(2) (3)** അപേക്ഷകളുടെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി.അനുറേ മാത്യു-വിന് **31/07/2023** മുതൽ **03/05/2024** വരെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

**3.** അഡ്ഹോക് ഡി.പി.സി കൂടി ടിയാളെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള **2024**-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന പക്ഷം റിലിംഗ്വിഷ് മെന്റ്

കാലയളവ് അവസാനിക്കുന്ന തീയതിയായ **03/05/2024** ന് ശേഷം വരുന്ന കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുവാനായി പരിഗണിക്കുന്നതിന് ടിയാൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബാലഗോപാൽ കെ കെ**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി.അനുറേ മാത്യു(കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **( AGRI-EA1/75/2024-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ